**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **23-01-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ആയഞ്ചേരിയിൽ പുതിയ പോലീസ് സ്റ്റേഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത കാലയളവിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലായി 8696 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പ്രസ്തുത കേസന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയോജനകരമാകുമോ; വിശദമാക്കാമോ; | (ബി) | ജനങ്ങളുടെ സുരക്ഷയും സമാധാനവും കണക്കിലെടുത്ത് സംസ്ഥാനത്ത് പോലീസിന്റെ സേവനം എത്രയും വേഗം എത്തിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയഞ്ചേരി മേഖലയിലെ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യത്തിലും ഇതേ സമീപനമാണ് സർക്കാരിനുള്ളത്.<br><br>സംസ്ഥാനത്ത് കൂടുതൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്ന അവസരത്തിൽ ആയഞ്ചേരിയിലും പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉത്തരം (B) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ